# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 306** **11.11.2019-ൽ മറുപടിക്ക്**

**അട്ടപ്പാടിയിലെ മാവോയിസ്റ്റാക്രമണം**

| | ചോദ്യം<br><br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. വി.ടി.ബൽറാം | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ)<br><br><br><br><br><br><br><br>(ബി) | അട്ടപ്പാടി മഞ്ചക്കണ്ടിയിൽ വനമേഖലയിൽ തണ്ടർ ബോൾട്ട് നാല് മാവോയിസ്റ്റുകളെ വെടിവച്ചത് സ്വയരക്ഷയ്ക്കാണോ എന്ന് വ്യക്തമാക്കാമോ;<br><br>മാവോയിസ്റ്റുകളുടെ ഭാഗത്തുനിന്നാണ് ആദ്യം വെടിവയ്പുണ്ടായതെന്നും അതിനെത്തുടർന്നാണ് തണ്ടർ ബോൾട്ട് വെടിയുതിർത്തതെന്നതും വസ്തുതയാണോ; | (എ) യും (ബി) യും | പോലീസ് റിപ്പോർട്ട് പ്രകാരം 28.10.2019 തീയതിയിൽ പാലക്കാട് അഗളി പോലീസ് സ്റ്റേഷൻ പരിധിയിലെ മേലേ മഞ്ചിക്കണ്ടി റിസർവ്വ് വനത്തിൽ പട്രോളിംഗ് നടത്തുകയായിരുന്ന തണ്ടർബോൾട്ട് സേനാംഗങ്ങൾക്കെതിരെ നിരോധിത സംഘടനയിൽപ്പെട്ട സായുധധാരികളായ സി.പി.ഐ മാവോയിസ്റ്റ് സംഘാംഗങ്ങൾ പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ച് കൊല്ലണമെന്ന ഉദ്ദേശ്യത്തോടെ വെടിയുതിർത്തതിനെത്തുടർന്ന് പോലീസ് സ്വയരക്ഷാർത്ഥം തിരികെ വെടിവച്ചതിൽ ഒരു സ്ത്രീയുൾപ്പെടെ മൂന്ന് മാവോയിസ്റ്റ് പ്രവർത്തകർ കൊല്ലപ്പെടുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | 29.10.2019 തീയതിയിൽ മേൽപ്പറയുന്ന നിരോധിത സി.പി.ഐ മാവോയിസ്റ്റ് പ്രവർത്തകരുടെ മരണവുമായി ബന്ധപ്പെട്ട് മൃതദേഹം ഇൻക്വസ്റ്റ് ചെയ്യുന്നതിനായി സംഭവ സ്ഥലത്തേയ്ക്ക് പോകുകയായിരുന്ന ഒറ്റപ്പാലം സബ് കളക്ടറടങ്ങിയ സംഘത്തിന് നേരെ മാവോയിസ്റ്റ് പ്രവർത്തകർ വീണ്ടും നിറയൊഴിച്ചതിനെത്തുടർന്ന് സ്വയരക്ഷാർത്ഥം തണ്ടർ ബോൾട്ട് സേനാംഗങ്ങൾ തിരികെ വെടിയുതിർത്തതിൽ ഒരു മാവോയിസ്റ്റ് പ്രവർത്തകൻ കൂടി കൊല്ലപ്പെട്ടു. വെടിവയ്പ്പിൽ നാല് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ട സംഭവുമായി ബന്ധപ്പെട്ട് CrPC സെക്ഷൻ 176 പ്രകാരം മജിസ്ട്രേറ്റുതല അന്വേഷണം നടത്തുന്നതിന് പാലക്കാട് ജില്ലാ മജിസ്ട്രേറ്റായ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (സി) | കൊലചെയ്യപ്പെട്ട മാവോയിസ്റ്റുകളിൽ നിന്ന് ആയുധങ്ങൾ കണ്ടെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | മുൻ കാലങ്ങളിൽ ഇല്ലാത്ത വിധം മാവോയിസ്റ്റുകൾ കേരളത്തിൽ | (ഡി) | മാവോയിസ്റ്റ് ഭീഷണി നേരിടുന്ന സ്ഥലങ്ങളിൽ പോലീസ് നിരീക്ഷണവും തിരച്ചിൽ |

| | | | |
|---|---|---|---|
| | കൊല്ലപ്പെടുന്നതിന് ഉണ്ടായ കാരണങ്ങൾ വിശദമാക്കാമോ? | | നടപടികളും നടത്തിവരവെ മാവോയിസ്റ്റുകൾ വെടിയുതിർത്തുകൊണ്ട് ഏറ്റുമുട്ടൽ ആരംഭിച്ചതിനെത്തുടർന്ന് പോലീസ് സേനാംഗങ്ങൾ ആത്മരക്ഷാർത്ഥം തിരികെ വെടിവച്ച സാഹചര്യത്തിലാണ് മാവോയിസ്റ്റുകൾ കൊല്ലപ്പെടാനിടയായത്. |

**സെക്ഷൻ ഓഫീസർ**